**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 908** **06-02-2023 - ൽ മറുപടിയ്ക്ക്**

**ശബരിമല മാസ്റ്റർ പ്ലാൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | നിലയ്ക്കലും പമ്പയിലും സന്നിധാനത്തും ഇടത്താവളങ്ങളിലും മികച്ച അടിസ്ഥാന സൗകര്യം ഒരുക്കി ഇപ്രാവശ്യത്തെ ശബരിമല തീർത്ഥാടനം സുഗമമാക്കാൻ ആലോചിച്ചിരുന്നോ; എങ്കിൽ അതിനായി നടത്തിയ പ്രവർത്തനങ്ങളെക്കുറിച്ച് അറിയിക്കാമോ; | (എ) | കോവിഡിന് ശേഷമുള്ള ശബരിമല തീർത്ഥാടന കാലം എന്ന നിലയിൽ വൻ ഭക്തജന തിരക്ക് ഉണ്ടാകുമെന്നത് മുന്നിൽ കണ്ട് ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനായി കാലേകൂട്ടി നടപടികൾ സ്വീകരിച്ചിരുന്നു. ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് തിരുവിതാംകൂർ ദേവസ്വം ബോർഡ് കൈക്കൊള്ളേണ്ടതായ മുന്നൊരുക്കങ്ങൾ സംബന്ധിച്ച് ബഹു. ദേവസ്വം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിലും ബോർഡ് പ്രസിഡന്റിന്റെയും അംഗങ്ങളുടെയും ബോർഡിലെ ഉന്നത ഉദ്യോഗസ്ഥരുടെയും സാന്നിധ്യത്തിലും 13/09/2022-ന് യോഗം ചേർന്ന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയുണ്ടായി. തുടർന്ന് 14/09/2022-ന് ബഹു. ദേവസ്വം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിലും ബഹു. റവന്യൂ വകുപ്പ് മന്ത്രി, ബഹു. ആരോഗ്യ വകുപ്പ് മന്ത്രി, ബഹു. ജലവിഭവ വകുപ്പ് മന്ത്രി, ബഹു. ഗതാഗത വകുപ്പ് മന്ത്രി ബന്ധപ്പെട്ട എം.പി, എം.എൽ.എ -മാർ എന്നിവരുടെ സാന്നിധ്യത്തിലും വിവിധ സർക്കാർ വകുപ്പ് മേധാവികളുടെ യോഗം ചേർന്ന് മുന്നൊരുക്കങ്ങൾ അവലോകനം ചെയ്തിരുന്നു. മേൽ പറഞ്ഞ യോഗങ്ങളിൽ കൈക്കൊണ്ട തീരുമാനങ്ങൾ നടപ്പിലാക്കുന്നതിലെ പുരോഗതി വിലയിരുത്തുന്നതിനായി 17/10/2022-ന് ബഹു. ദേവസ്വം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ പമ്പയിൽ യോഗം ചേരുകയുണ്ടായി. തുടർന്ന് ബഹു. മുഖ്യമന്ത്രി തന്നെ 18/10/2022-ന് എല്ലാ വകുപ്പുകളുടെയും യോഗം വിളിക്കുകയും മുന്നൊരുക്കങ്ങൾ വിലയിരുത്തുകയും ചെയ്തു. ശബരിമലയിലേക്ക് മറ്റ് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നും തീർത്ഥാടകർ |

| | | | |
|---|---|---|---|
| | | | ധാരാളമായി എത്തിച്ചേരുമെന്നതിനാൽ ശബരിമലയിൽ സ്വീകരിച്ചിരിക്കുന്ന ക്രമീകരണങ്ങൾ സംബന്ധിച്ച് ടി സംസ്ഥാനങ്ങളെ അറിയിക്കുന്നതിനും അവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ആവശ്യങ്ങളും പരിഗണിക്കുന്നതിനുമായി ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ എൻഡോവ്മെന്റ് വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രിമാരുടെയും ഉദ്യോഗസ്ഥരുടെയും യോഗം 02/11/2022-ന് ബഹു. ദേവസ്വം വകുപ്പ് മന്ത്രി വിളിച്ച് ചേർത്തിരുന്നു. തുടർന്ന് പുനലൂർ, ചെങ്ങന്നൂർ, പന്തളം എന്നീ ഇടത്താവളങ്ങളിലെ മുന്നൊരുക്കങ്ങൾ വിലയിരുത്തുന്നതിനായി ടി സ്ഥലങ്ങളിൽ വച്ച് 10/11/2022-ന് യോഗം ചേരുകയുണ്ടായി. മേൽ പറഞ്ഞ അവലോകന യോഗങ്ങൾ കൂടാതെ മറ്റ് വകുപ്പുകൾ കൈകാര്യം ചെയ്യുന്ന മന്ത്രിമാരും ശബരിമലയുമായി ബന്ധപ്പെട്ട് അവലോകന യോഗങ്ങൾ വിളിക്കുകയും തങ്ങളുടെ വകുപ്പുകളുടെ മുന്നൊരുക്കങ്ങൾ വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. വകുപ്പ് മേധാവികളുടെയും ജില്ലാ കളക്ടർമാരുടെയും നേതൃത്വത്തിലും മറ്റ് അനേകം യോഗങ്ങൾ നടക്കുകയുണ്ടായി.<br><br>2022-23 ലെ ശബരിമല മണ്ഡല മകരവിളക്ക് തീർത്ഥാടനവുമായി ബന്ധപ്പെട്ട് സന്നിധാനം, പമ്പ, നിലക്കൽ എന്നിവിടങ്ങളിലെ വിവിധ വകുപ്പുകളുടെ ഏകോപനത്തിനും ശുചീകരണ പ്രവർത്തനങ്ങളും, സ്ക്വാഡ് പ്രവർത്തനങ്ങളും, ദുരന്തനിവാരണ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നതിനുമായി ഐ.എ.എസ് കേഡറിലുള്ള ഒരു ഉദ്യോഗസ്ഥനെ ശബരിമല അഡീഷണൽ ജില്ലാ മജിസ്ട്രേറ്റായി സർക്കാർ നിയമിച്ചിരുന്നു. അതൊടൊപ്പം തന്നെ സന്നിധാനം, പമ്പ, നിലയ്ക്കൽ ബേസ് ക്യാമ്പ് എന്നിവിടങ്ങളിൽ ഡ്യൂട്ടി മജിസ്ട്രേറ്റുമാരെയും എക്സിക്യൂട്ടീവ് മജിസ്ട്രേറ്റുമാരെയും നിയോഗിച്ചിരുന്നു. |
| (ബി) | ശബരിമല മാസ്റ്റർ പ്ലാൻ പ്രകാരം നടത്തേണ്ട പ്രവൃത്തികൾ എന്തെല്ലാമാണെന്നും അതിലേക്കായി ഈ വർഷം എത്ര തുക നൽകിയിട്ടുണ്ടെന്നും അറിയിക്കാമോ; | (ബി) | 2050 വരെയുള്ള വികസന പ്രവർത്തനങ്ങൾ മുന്നിൽകണ്ട് തയ്യാറാക്കി നടപ്പാക്കിവരുന്ന ഒരു ബ്രഹത് പദ്ധതിയാണ് ശബരിമല മാസ്റ്റർപ്ലാൻ. ഓരോ വർഷവും നടപ്പിലാക്കേണ്ട വിവിധ വികസന പദ്ധതികൾക്ക് ശബരിമല മാസ്റ്റർപ്ലാൻ ഉന്നതാധികാര സമിതി മുൻഗണനാക്രമം നിശ്ചയിച്ച് വാർഷിക പ്ലാനിൽ ഉൾപ്പെടുത്തുകയും അത് സർക്കാർ ബജറ്റിൽ ചേർത്ത് ഫണ്ട് അനുവദിച്ച് വരികയുമാണ് ചെയ്തുവരുന്നത്. നടപ്പ് സാമ്പത്തിക വർഷം 28.4 കോടി രൂപ അടങ്കലുള്ള " |

| | | | |
|---|---|---|---|
| | | | Development of Core Area at Nilakkal" എന്ന പ്രവൃത്തിക്ക് 25/12/2022-ലെ സ.ഉ.(സാധാ) നം.5231/2022/റവ നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാന പദ്ധതി വിഹിതത്തിൽ നിന്നും ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>കൂടാതെ ശബരിമല മാസ്റ്റർപ്ലാൻ ഉന്നതാധികാര സമിതിയുടെ പൂർത്തികരിച്ചതും നടന്നുകൊണ്ടിരിക്കുന്നതുമായ വിവിധ പദ്ധതികളുടെ പെന്റിംഗ് ബില്ലുകൾ കൊടുക്കുന്നതിനായും ശബരിമല മാസ്റ്റർപ്ലാൻ ഉന്നതാധികാര സമിതിയുടെ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കായും കൂടി ആകെ 7,40,07,852/- രൂപ 2022-23 ലെ സംസ്ഥാന പദ്ധതി വിഹിതത്തിൽ നിന്നും അനുവദിച്ചിട്ടുണ്ട്. |
| (സി) | ഇടത്താവളങ്ങളിൽ സൗകര്യമൊരുക്കുന്നതിന് കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടത്തുന്ന പ്രവൃത്തികളെക്കുറിച്ച് അറിയിക്കാമോ? | (സി) | കിഫ്ബി ഫണ്ട് ഉപയോഗപ്പെടുത്തി കഴക്കൂട്ടം, ചെങ്ങന്നൂർ, നിലക്കൽ, എരുമേലി, ചിറങ്ങര, ശുകപുരം, മണിയങ്കോട് എന്നിവിടങ്ങളിൽ ഇടത്താവളങ്ങളുടെ നിർമ്മാണം പുരോഗമിച്ച് വരുന്നുണ്ട്. പ്രസ്തുത പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി തിരുവിതാംകൂർ ദേവസ്വം ബോർഡിനെയും പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസി (PMC) ആയി NBCC(India) Ltd. നെയുമാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. മേൽ പറഞ്ഞ സ്ഥലങ്ങളിലെ ഇടത്താവളങ്ങളുടെ നിർമ്മാണം വളരെ വേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ